# ജി എച്ച് എസ് എസ് ശൂരനാട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

# ഗവഃ ഹയർസെക്കണ്ടറി സ്കൂൾ ശൂരനാട്

## ആമുഖം

കൊല്ലം ജില്ലയുടെ ഏറ്റവും വടക്കേ അറ്റത്ത് ആലപ്പുഴ ജില്ലയുടേയും,പത്തനംതിട്ട ജില്ലയുടേയും അതിർത്തി പങ്കിടുന്ന ഗ്രാമ പ്രദേശമാണ് ശൂരനാട്. കർഷകരും സാധാരണക്കാരുമാണ് ഇവിടുത്തെ ജനങ്ങളിലധികവും .അങ്ങനെയുള്ള ഈ ഗ്രാമത്തിൽവിജ്ഞാനദാഹികളായ നാട്ടുകാരുടെ ശ്രമഫലമായി 1948 ജൂൺമാസത്തിൽ കളത്തൂർ ശ്രീ വി ഗോപാലപിള്ള നൽകിയ ഒരേക്കർ സ്ഥലത്ത് സ്ഥാപിതമായ ഇംഗ്ലീഷ് മീഡിയം സ്കൂളാണ് ഇന്നത്തെ ശൂരനാട് ഗവഃ ഹയർസെക്കണ്ടറി സ്കൂൾ. സ്കൂൾ സ്ഥാപിക്കുന്നതിന് സർവ്വശ്രീ മുടിയിൽതറ വി ഭാസ്കരൻ, കുമ്പളത്ത് ശ്രീ ശങ്കുപിള്ള എന്നിവർ നൽകിയ പ്രോത്സാഹനം സ്മരണീയമാണ്.തെന്നിലബംഗ്ളാവിൽ ശ്രീ എൻ ഗോവിന്ദപ്പിള്ള (പ്രസിഡൻറ്)കളത്തൂർ ശ്രീ ഗോപാലപിള്ള(സെക്രട്ടറി)എന്നിവർ ഉൾപ്പെട്ട 15 അംഗ കമ്മിറ്റിയാണ് സ്കൂ ളിൻെറ നേതൃത്വം വഹിച്ചിരുന്നത് .1954 ൽ സ്കൂളിൻെറ ആദ്യ എസ്എസ്എൽസി ബാച്ച് പരീക്ഷ എഴുതി.1959 ൽ ഈ വിദ്യാലയം സർക്കാർ ഏറ്റെടുത്തു.തിരക്കേറിയ റോഡിൻെറ കിഴക്ക് ഭാഗത്ത് ഹൈസ്കൂളും,പടിഞ്ഞാറുഭാഗത്ത് യുപി യും ഹൈസ്കൂളുമായും പ്രവർത്തിച്ചുതുടങ്ങി.

നാട്ടുകാരുടെ കൂട്ടായ പരിശ്രമത്തിൻെറ ഫലമായി കെട്ടിടത്തിനാവശ്യമായ സാധനസാമഗ്രികൾ തദ്ദേശീയമായി സംഭാവന ലഭിക്കുകയും, പടിഞ്ഞാറുവശത്ത് തെക്ക് വടക്കായി ഒരു ഓല ഷെഡ് നിർമ്മിച്ച് സ്കൂൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.100, അടി 80, അടി 60 അടി തുടങ്ങിയ കെട്ടിടങ്ങൾ റോഡിൻെറ പടിഞ്ഞാറുഭാഗത്തായും ,ഇരുനില കെട്ടിടം റോഡിന് കിഴക്ക് ഭാഗത്തായും നിർമ്മിച്ചു.

## ഭൗതികസാഹചര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത് . ഹൈസ്കൂളിന് 30 ക്ലാസ് മുറികളും , ഹയർസെക്കണ്ടറിക്ക് 12 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം ഈ വിദ്യാലയത്തിന് ഉണ്ട്. ഓരോ വിഭാഗത്തിനും പ്രത്യേകം കമ്പ്യൂട്ടർലാബുകൾ ഉണ്ട്. മൂന്ന് ലാബുകളിലുമായി ഏകദേശം 30 ലാപ്ടോപ്പുകൾ ,പ്രൊജക്ടറുകൾ, ഇൻറർനെറ്റ് ,ബ്രോഡ്ബാൻറ് സൗകര്യങ്ങളും ലഭ്യമാണ്. 18 ക്ലാസ് മുറികൾ ഹൈടെക്ക് ആക്കിയിരിക്കുന്നു.ഇപ്പോൾ റോഡിൻെറ കിഴക്ക് ഭാഗത്ത് ഹയർസെക്കണ്ടറിക്ക് 20 ക്ലാസ് മുറികളും,റോഡിൻെറ പടിഞ്ഞാറുഭാഗത്ത് ഹൈസ്കൂളിനും യു പിക്കുമായി 25 ക്ലാസ് മുറികളുമാണുള്ളത്.അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾകെട്ടിടങ്ങളുടെ ഉദ്ഘാടനം 2020 ആഗസ്റ്റ് 9ന് വിപുലമായ പരിപാടികളോട് കോവിഡ് മാനദണ്ഡങ്ങളോട് നടത്തപ്പെടുകയായിരുന്നു.

## മികവുകൾ

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ എന്നും മുൻപന്തിയിലാണ് ഈ സ്കൂൾ.കഴിഞ്ഞ വർഷം ഇവിടെ നിന്നും കായികമേള,ശാസ്ത്രമേള,ഗണിതശാസ്ത്രമേള,സ്കൂൾ യുവജനോത്സവം ഇവയിൽ സംസ്ഥാനതലത്തിൽ വരെ കുട്ടികൾ പങ്കെടുത്ത് വിജയികളായി. യു എസ് എസ് പരീക്ഷയിൽ 20 കുട്ടികൾ സ്കോളർഷിപ്പിന് അർഹത നേടി. സംസ്കൃത സ്കോളർഷിപ്പിൽ യു പി ,എച്ച് എസ് വിഭാഗങ്ങളായി 12 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ചു.ശാസ്ത്ര ,ഗണിതശാസ്ത്രമേളകളിൽ ശാസ്താംകോട്ട സബ്ജില്ലയിൽ ഓവറോൾ കിരീടം തുടർച്ചയായി നേടാൻ കഴിയുന്നു എന്നുള്ളത് അഭിമാനാർഹമായ കാര്യമാണ്.എൻ എം എം എസ് ,അറബിക്ക് ടാലൻറ്സെർച്ച് പരീക്ഷകളിൽ ഉന്നത വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്.ഫുട്ബാൾ മത്സരത്തിൽ തുടർച്ചയായി സ്റ്റേറ്റിൽ പങ്കെടുത്ത് വിജയികളാകാൻ കഴിഞ്ഞിട്ടുണ്ട്.അക്കദമിക അക്കാദമികേതര രംഗങ്ങളിൽ മികവ് പുലർത്തി ഒരു നാടിന് തന്നെ നേട്ടങ്ങളുണ്ടാക്കിയ ഈ വിദ്യാലയം മികച്ച ആസൂത്രണങ്ങളിലൂടെയാണ് ഇവയെല്ലാം നേടിയത്. ഇതിന് സ്കൂൾ പി ടി എ,എസ് എം സി, എസ് പി ജി,അധ്യാപകർ,രക്ഷിതാക്കൾ തുടങ്ങി എല്ലാവരുടേയും സഹായങ്ങൾ ഉണ്ടായിരുന്നു.

വിദ്യാലയാന്തരീക്ഷവും ഭൗതിക സാഹചര്യവും അക്കാദമിക നിലവാരവും പരിഗണിച്ച് വിഷയാടിസ്ഥാനത്തിൽ തയ്യാറാക്കിയ 2025-26 വർഷത്തെ അക്കാദമിക മാസ്റ്റർപ്ളാൻ സമർപ്പിക്കുന്നു.

ഹെഡ്മാസ്റ്റർ

# ഹൈസ്കൂൾ വിഭാഗം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

അക്കാദമിക മാസ്റ്റർ പ്ലാൻ -2025 വിഷയം: മലയാളം

| • ലക്ഷ്യം | • പ്രവർത്ത നങ്ങൾ | • കാലം | • ഭൗതികം | • ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ്<br>അക്ഷര കാർഡ് നിർമ്മാണം<br>ചിത്രത്തിന് അടിക്കുറിപ്പ്, കഥാരചന<br>പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്<br>പുസ്തക വൃക്ഷം തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br>ചാർട്ടുകൾ<br>കാർഡ്<br>ആനുകാലികങ്ങൾ | ഭാഷാധ്യാപകർ<br>വിദ്യാരംഗം |
| കുട്ടിയെ മികച്ച വായനക്കാരാക്കൽ | വായനച്ചങ്ങാതി<br>സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി - നവീകരണം<br>ഗ്രന്ഥശാലാ സന്ദർശനം<br>പത്രവായന<br>വായനാനുഭവ പ്പതിപ്പുകൾ<br>വിദ്യാരംഗം പ്രവർത്തന ങ്ങൾ<br>പ്രസിദ്ധ കഥാപാത്രങ്ങളെ / സാഹിത്യകാരന്മാ രെ തിരിച്ചറിയൽ<br>ദിനാചരണങ്ങൾ | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ആനുകാലിക പ്രസിദ്ധീകരണങ്ങ ൾ<br>കമ്പ്യൂട്ടർ<br>പത്രങ്ങൾ | ഭാഷാധ്യാപകർ<br>വിദ്യാരംഗം |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം<br>വിവിധ സാഹിത്യ | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ | ഭാഷാധ്യാപകർ |

| | | | | |
|---|---|---|---|---|
| | ശാഖകൾ പരിചയപ്പെടൽ<br><br>സർഗ്ഗ സൃഷ്ടികളുടെ പതിപ്പ് തയ്യാറാക്കൽ<br><br>വ്യക്തിഗത രചന സംഘ രചന | | | വിദ്യാരംഗം |
| സർഗ്ഗശേഷി വളർത്തൽ | പാഠഭാഗത്തിലെ കവിതകളുടെ നൃത്താവിഷ്കാരം / പാഠഭാഗങ്ങളുടെ നാടകീകരണം | 6 മാസം | ഓഡിയോ/ വീഡിയോ ലൈബ്രറി | ഭാഷാ അധ്യാപകർ<br><br>വിദ്യാരംഗം |
| സ്കൂൾ ഗ്രന്ഥശാല ശക്തികരണം | എല്ലാദിവസവും ലൈബ്രറി സേവനം<br><br>വായനാ മൂലകൾ<br><br>വായനാമുറി<br><br>വായനക്കൂട്ടം രൂപീകരിക്കൽ | 6 മാസം | ലൈബ്രറി | ലൈബ്രറി ചാർജ് ഉള്ള അധ്യാപകർ<br><br>ഭാഷാധ്യാപകർ |
| ഭാഷാശേഷികളുടെ സമഗ്ര വികാസം | സെമിനാർ<br><br>സംവാദം<br><br>പ്രസംഗം<br><br>ഉപന്യാസരചന | ഓരോ മാസത്തിലും | പുസ്തകങ്ങൾ<br><br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br><br>നിരൂപണ ഗ്രന്ഥങ്ങൾ | ഭാഷാധ്യാപകർ |

| Name of subject convenor | | |
|---|---|---|
| ENGLISH | Activity | Teaching Short Story |
| | OBJECTIVES | ➢ *Recognising simple words*<br>➢ *Recognising past tense of verb*<br>➢ *Recognising describing words*<br>➢ *Analyse stories*<br>➢ *Read stories*<br>➢ *Reproduce stories* |

| ACTIVITY | STEPS OF ACTIVITY | DURATION | TLM | DUTY | SUPPORT | FINANCE |
|---|---|---|---|---|---|---|
| **Narrate short story** | ➜ Pre test<br>➜ follow up activities and remedial measures<br>➜ Listen a story<br>➜ Enable to read stories<br>➜ Enable to find out the events of the story<br>➜ Develop stories<br>➜ Enable to write incidents in the stories<br>➜ Narration of stories<br>➜ | June-July | Picture card<br>Word card<br>Out line stories<br>Charts | Subject council | SRG | NIL |
| | | | | | | |

| Activity | ENGLISH ASSEMBLY |
|---|---|
| OBJECTIVES | ➢ *Develop communication skill*<br>➢ *Facilitate participation*<br>➢ *Awareness of constitutional values* |

| ACTIVITY | STEPS OF ACTIVITY | DURATION | TLM | DUTY | SUPPORT | FINANCE |
|---|---|---|---|---|---|---|
| **ENGLISH ASSEMBLY** | ➜ Watch a model assembly<br>➜ Enable to participate<br>➜ Enable to read newspaper report<br>➜ Enable to take pledge<br>➜ Enable to present thoughts for the day<br>➜ Enhance the skill | **August Septem ber** | Picture card<br>Word card<br>Out line stories<br>Charts | Subject council | SRG | NI L |

| **Activity** | **POSTER MAKING** |
|---|---|
| **OBJECTIVES** | ➢ *Create social awareness*<br>➢ *Develop positive values*<br>➢ *Impart information to the public*<br>➢ *Triggering divergent thinking*<br>➢ *Enhance creative and critical thinking* |

| ACTIVITY | STEPS OF ACTIVITY | DURATION | TLM | DUTY | SUPPORT | FINANCE |
|---|---|---|---|---|---|---|
| **POSTER MAKING** | ➔ Prepare text and layout<br>➔ Design posters<br>➔ Highlight the issue<br>➔ Include details like place ,time, organisers etc<br>➔ Clear and bold message<br>➔ Express ideas and feelings in the target language | **October November** | | Subject council | SRG | NIL |

| | |
|---|---|
| **Activity** | **DIARY ENTRY** |
| **OBJECTIVES** | ➢ *Enable the children the habit of diary entry*<br>➢ *Ability to express thoughts and feelings*<br>➢ *Understanding the first form of the verb*<br>➢ *Able to write simple sentences* |

| ACTIVITY | STEPS OF ACTIVITY | DURATION | TLM | DUTY | SUPPORT | FINANCE |
|---|---|---|---|---|---|---|
| **DIARY ENTRY** | ➔ A general comment of the day<br>➔ Write the event or situation<br>➔ Events narrate in the past tense<br>➔ The first person narration<br>➔ Use of exclamatory sentences ,rhetorical questions<br>➔ Use of emotive language | **December January** | | Subject council | SRG | NIL |

| **Activity** | **DIGITAL MAGAZINE** |
|---|---|
| **OBJECTIVES** | ➢ *ICT interaction*<br>➢ *Enable to practice the language skill*<br>➢ *Familiarise the features of a magazine* |

| ACTIVITY | STEPS OF ACTIVITY | DURATION | TLM | DUTY | SUPPORT | FINANCE |
|---|---|---|---|---|---|---|
| **DIGITAL MAGAZINE** | ➜ Introduce a digital magazine<br>➜ create some folders containing write ups ,pictures poems ,stories etc<br>➜ Open Libre Office Writer software<br>➜ Create different pages<br>➜ Open the folders<br>➜ Arrange them in the pages<br>➜ Editing<br>➜ preparing magazine<br>➜ Publishing magazine | February March | Audio visual aid | Subject council | SRG | NIL |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br><br>ഓഡിയോ വിഷൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br><br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം<br>ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു.<br>ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു.<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ – നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.<br>സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

# ARABIC

| NO | ACTIVITIES | DATE | DUTY | REMARKS |
|---|---|---|---|---|
| 1 | **അലിഫ് ടാലന്റ് ടെസ്റ്റ്, മികവ് തെളിയിച്ച വിദ്യാർത്ഥികളെ കണ്ടെത്തി തുടർ മത്സരങ്ങൾക്കായി പരിശീലിപ്പിക്കൽ**<br>ജൂലൈ 10ന് നടക്കുന്ന സ്കൂൾതല അലിഫ് ടാലന്റ് ടെസ്റ്റിൽ നിന്നും യോഗ്യത നേടിയ ടോപ് 3 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് തുടർന്ന് നടക്കുന്ന പരീക്ഷകളിൽ ഉയരങ്ങളിൽ എത്താൻ ആവശ്യമായ നിരന്തര പരിശീലനം നൽകൽ. | JULY: 10 | AY<br>FM<br>SMC | |
| 2 | **CLUB ID CARD നൽകൽ**<br>എല്ലാ ക്ലാസ്സുകളിൽ നിന്നും അറബിക് ക്ലബിലേക്ക് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അറബിക് എഴുത്തോടു കൂടി പ്രത്യേകം രജിസ്റ്റർ നമ്പർ നൽകിയ ID കാർഡ് നൽകൽ. | JULY | SJD<br>VRS | |
| 3 | **ARABIC CLUB Formation Meet & Talent Hours**<br>ക്ലബിൽ അംഗമായവരെ സംഘടിപ്പിച്ച് ക്ലബ് ഫോർമേഷൻ സംഗമവും വിദ്യാർകളുടെ കഴിവ് പ്രകടിപ്പിക്കാനുള്ള ടാലന്റ് ഹവേർസും. | JULY | MK<br>AY | |
| 4 | **AI (Artificial Intelligence) സാധ്യതകൾ വിദ്യാർത്ഥികൾക്ക് ഉപകരിക്കും വിധത്തിൽ ഉപയോഗപ്പെടുത്തൽ**<br>ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ ഉപയോഗിച്ച് 8,9,10 ക്ലാസ്സുകളിലെ അറബിക് പുസ്തകങ്ങളിലെ സംഭാഷണം, കവിത പോലോത്ത ഭാഗങ്ങൾ (ഒരു ചാപ്റ്ററെങ്കിലും) കുട്ടികൾക്ക് രസകരമാവും വിധത്തിൽ ചിത്രീകരിക്കൽ. ഇതിന്റെ(AI) ക്രിയേഷൻ അധ്യാപക സുഹൃത്തുക്കൾക്ക് എളുപ്പത്തിൽ പഠിക്കാനുള്ള സാഹചര്യവും ഒരുക്കൽ. | AUGUST | NAP<br>KKM | |
| 5 | **സ്പെഷ്യൽ ദിനങ്ങളിൽ അറബിക് പോസ്റ്ററും ഓൺലൈൻ പ്രോഗ്രാമുകളും**<br>ഓഗസ്റ്റ് 15 : സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 : അധ്യാപക ദിനം<br>നവംബർ 1 : കേരളപ്പിറവി ദിനം<br>ജനുവരി 26 : റിപ്പബ്ലിക് ഡേ<br>തുടങ്ങിയ ദിനങ്ങളിൽ നല്ല സന്ദേശം നൽകുന്ന അറബിക് പോസ്റ്ററുകൾ തയ്യാറാക്കി ഷെയർ ചെയ്യലും സാഹചര്യത്തിനനുസരിച്ച് ഓൺലൈൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കലും. | AUGUST<br>SEPTEMBER<br>NOVEMBER<br>JANUARY | SSK<br>VRS | |

| NO | ACTIVITIES | DATE | DUTY | REMARKS |
|---|---|---|---|---|
| 6 | **സബ് ജില്ലാ കലോത്സവത്തിലേക്കുള്ള പ്രതിഭകളെ കണ്ടെത്തൽ**<br><br>വരാനിരിക്കുന്ന അറബിക് കലോത്സവങ്ങളിൽ സ്കൂളിന് ഉയർന്ന സ്ഥാനം നേടുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 19 ഇനങ്ങളിലേക്കും അനുയോജ്യരായ പ്രതിഭകളെ ജൂലൈ മാസത്തിൽ തന്നെ കണ്ടെത്തി അവർക്ക് ആവശ്യമായ നിരന്തര പരിശീലനം നൽകൽ.<br><br>ഒന്നാം ഘട്ടമായി താഴെ നൽകിയ 8 വിഭാഗം കലകളിൽ കഴിവുള്ളവരെ അധ്യാപകർ അവരവരുടെ പിരിഡുകളിൽ കണ്ടെത്തി ലിസ്റ്റിറ്റ് തയ്യാറാക്കുക, ഇതിൽ ഏറ്റവും മികവു കാണിക്കുന്നവരെ കണ്ടെത്തി ജൂലൈ മാസത്തിൽ തന്നെ അവർക്കുള്ള പരിശീലനം ആരംഭിക്കുക.<br><br>**8 വിഭാഗം കലകൾ - ബ്രാക്കറ്റിൽ അനുബന്ധ മത്സരങ്ങളും**<br><br>**പാട്ടുപാടാൻ കഴിവുള്ളവർ:**<br>(അറബി ഗാനം (B), അറബിക് ഗാനം (G), പദ്യം ചൊല്ലൽ(B), പദ്യം ചൊല്ലൽ (G), സംഘ ഗാനം)<br><br>**അറബി ശരിയായ ഉച്ചാരണത്തിൽ സംസാരിക്കാൻ കഴിവുള്ളവർ**<br>(അറബി പ്രസംഗം, കഥാപ്രസംഗം, മോണോ ആക്ട്, സംഭാഷണം)<br><br>**അറബി നല്ല കയ്യെഴുത്തിലും മനഃപ്പാഠത്തിലും കഴിവുള്ളവർ**<br>(ഉപന്യാസം, കഥാരചന)<br><br>**അറബിക് " ഇൻഷാഹ് " കഴിവുള്ളവർ - ധാരാളം അറബി വാക്കുകൾ അറിയുന്നവരും, വാചകങ്ങൾ ഉണ്ടാക്കാൻ കഴിവുള്ളവരും)**<br>( അടിക്കുറിപ്പ്, വിവർത്തനം, നിഘണ്ടു നിർമ്മാണം, പ്രശ്നോത്തരി )<br><br>**ഹിഫ്ള് കഴിവുള്ളവർ**<br>(മുഷാഅറ)<br><br>**വരക്കാനും കാലിഗ്രാഫിക്കും കഴിവുള്ളവർ**<br>(പോസ്റ്റർ നിർമ്മാണം)<br><br>**പാരായണം കഴിവുള്ളവർ**<br>(ഖുർആൻ പാരായണം)<br><br>**അഭിനയിക്കാൻ കഴിവുള്ളവർ**<br>(നാടകം) | JULY | **MK**<br>മുഷാഅറ<br>വിവർത്തനം<br><br>**AY**<br>ഉപന്യാസം<br>കഥാരചന<br><br>**FM**<br>ഖുർആൻ പാരായണം<br>അടിക്കുറിപ്പ്<br><br>**SMC**<br>നാടകം<br>മോണോ ആക്ട്,<br>സംഭാഷണം<br><br>**SJD**<br>പദ്യം ചൊല്ലൽ(B)<br>പദ്യം ചൊല്ലൽ (G)<br>കഥാപ്രസംഗം<br><br>**NAP**<br>അറബി ഗാനം (B),<br>അറബിക് ഗാനം (G),<br>സംഘ ഗാനം<br><br>**KKM**<br>നിഘണ്ടു നിർമ്മാണം<br>പ്രശ്നോത്തരി<br><br>**SSK**<br>അറബി പ്രസംഗം<br>പോസ്റ്റർ നിർമ്മാണം | |

| NO | ACTIVITIES | DATE | DUTY | REMARKS |
| --- | --- | --- | --- | --- |
| 7 | **അറബിക് ഷോർട്ട് ഫിലിം / ഷോർട്ട് ഡോക്യുമെന്ററി നിർമ്മാണം**<br>പൊതുജനങ്ങൾക്ക് നല്ല സന്ദേശം നൽകുന്ന പരിമിധമായ എണ്ണത്തിൽ നമ്മുടെ വിദ്യാർത്ഥികളെയും അധ്യാപകർ, HM, മാനേജ്മെന്റ് പ്രതിനിധികൾ (ആവശ്യമെങ്കിൽ) ഉൾക്കൊള്ളിച്ചു കൊണ്ട് 10 മിനിറ്റിൽ താഴെയുള്ള ഷോർട്ട് ഫിലിമോ / ഡോക്യുമെന്ററിയോ നിർമ്മിക്കൽ.<br>വിഷയം ഉദാഹരണമായി: ലഹരിക്കെതിരെ / സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം / പരസ്പര സഹായം / നല്ല കൂട്ടുകാരൻ Etc... | NOVEMBER | NAP<br>SSK<br>SJD | |
| 8 | **അറബി ഭാഷാ ദിനാഘോഷം - വ്യത്യസ്ത പരിപാടികൾ**<br>ഡിസംബർ 18 ലോക അറബി ഭാഷാ ദിനത്തോടനുബന്ധിച്ച് ഓൺലൈൻ ക്വിസ്, 'Arabic Expo' എക്സിബിഷൻ തുടങ്ങിയവ സംഘടിപ്പിക്കൽ | DECEMBER | FM<br>SMC | |
| 9 | **അറബിക് E-Magazine**<br>നമ്മുടെ ക്ലബ്ബ് പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ മികച്ച രചനകളും ഉൾപ്പെടുത്തി അധ്യായന വർഷത്തിന്റെ അവസാനത്തിൽ E-Book സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഒരു ഇ- മാഗസിൻ നിർമ്മിക്കൽ. | JANUARY | AY<br>KKM | |

# അക്കാദമിയ മാസ്റ്റർപ്ലാൻ - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഭാഷാ വികസനം സർഗ്ഗവാസന പ്രോത്സാഹിപ്പിക്കൽ | സംസ്കൃതക്ലബ് രൂപീകരണം ഒരു ദിവസം ഒരറിവ്. സംസ്കൃത അസംബ്ളി. പതിപ്പുകൾതയ്യാറക്കൽ റേഡിയോ ക്ളബ്ബ് രൂപീകരണം.വിശിഷ്ട അതിഥികളെ സ്കൂളിൽ എത്തിക്കുക. | ജൂൺ വർഷം മുഴുവനും വർഷത്തിൽ ഒന്ന് വർഷത്തിൽ രണ്ട് തവണ | അധ്യാപിക സ്കൂൾ ഒരു സംഘമായി എച്ച് എം പി റ്റിഎ അധ്യാപിക |
| എല്ലാ കുട്ടികളിലും വായന | ക്ളാസ് ലൈബ്രറി പുസ്തകങ്ങളുടെ ശേഖരണം,വിതരണം | ഒരു വർഷം | എച്ച് എം പി റ്റി എ അധ്യാപിക |
| സാഹിത്യ വാസന പ്രോത്സാഹിപ്പിക്കൽ | എൻെറ പുസ്തകം കുട്ടികളുടെ പുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിക്കൽ പുസ്തകചർച്ച | വർഷം മുഴുവനും രണ്ട് തവണ വർഷത്തിൽ | സ്കൂൾ ഒരു ഗ്രൂപ്പായി |
| കണ്ടും കേട്ടും അനുഭവിച്ചും പഠിക്കാനവസരം | പഠനയാത്രകൾ,യാത്രാ-വിവരണംതയ്യാറക്കൽ, ചരിത്രപ്രധാനമായ സ്ഥലങ്ങൾ | വർഷത്തിൽ ഒരു തവണ | എച്ച് എം പി റ്റി എ അദ്ധ്യാപകർ |
| ഇതരഭാഷകളുമായും ഗണിതം,ആയുർവേദം | ഗുരുവന്ദനം ,ആചാര്യ-അനുസ്മരണംപ്രഭാഷണം | വർഷത്തിൽ രണ്ട് തവണ | സ്കൂൾ റിസോഴ്സ് |

| | | | |
|---|---|---|---|
| ജ്യോതിശാസ്ത്രം<br>വാസ്തുവിദ്യ<br>തുടങ്ങിയവയുമായുള്ള<br>ബന്ധം മനസ്സിലാക്കൽ | ആയുർവേദ ക്ലാസ്,<br>സംസ്കൃത ശിൽപ്പശാല<br>വാസ്തുശാസ്ത്ര ജ്യോതിശാസ്ത്ര<br>കാരന്മാരുമായുള്ള അഭിമുഖം | വർഷത്തിൽ<br>ഒരു തവണ<br>ജനുവരി | സംഘം<br>സംസ്കൃത<br>അധ്യാപക<br>സംഘം |
| സാഹിത്യരൂപങ്ങളെ<br>അടുത്തറിയൽ<br>കലോത്സവം<br>സംസ്കൃത പ്രതിഭകളെ<br>കണ്ടെത്തൽ | സഹവാസ ക്യാമ്പുകൾ<br>നാടകക്കളരി,സംസ്കൃത<br>കലകളുടെ പഠനം<br>സംസ്കൃത കലോത്സവം<br>സംഘടിപ്പിക്കൽ. | സെപ്റ്റംബർ<br>മുതൽ<br>ഡിസംബർവരെ | അധ്യാപിക |
| കുട്ടികൾക്ക്<br>സംസ്കൃതത്തിൽ<br>സംസാരിക്കാനുള്ള<br>ശേഷി ആർജിക്കൽ | സംഭാഷണ ശിബിരം<br>ഐ സി റ്റി സാധ്യത<br>ഉപയോഗിച്ച്സംഭാഷണം<br>പഠിപ്പിക്കൽ | ഒക്ടോബർ-<br>നവംബർ | അധ്യാപിക |
| കുട്ടികളിൽ പ്രകൃതി<br>സ്നേഹം വർദ്ധിപ്പിക്കൽ | ഉദ്യാനം നിർമ്മാണം<br>ഔഷധ തോട്ട നിർമ്മാണം<br>ദശപുഷ്പസസ്യങ്ങൾ<br>പരിചയപ്പെടുത്തൽ | ആഗസ്റ്റ് | അധ്യാപിക |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം |
|---|---|---|---|---|---|
| 1 | ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക, പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | ❖ സ്കൂൾ പാർലമെന്റ് രൂപീകരിക്കുക, മോക്ക് പാർലമെന്റ് നടത്തുക.<br>❖ സെമിനാർ - പൗരബോധം, സാമൂഹ്യ സേവനം, ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന വിഷയം | അക്കാദമിക വർഷം പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ |
| 2 | പഠിതാക്കളിൽ ചരിത്രാവബോധം ഉണ്ടാക്കുക. | ❖ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, NCC, Scout & Guides ചാർജുള്ള അധ്യാപകർ | കുട്ടികൾ, SS Club, PTA |
| 3 | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക, സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | ❖ സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, അഭിമുഖങ്ങൾ, ക്ലാസുകൾ എന്നിവയിലൂടെ ക്രിയാത്മക പ്രവർത്തനങ്ങളുടെ ഭാഗമാക്കുക. ഓരോ ദിനാചരണവും ഇത്തരം അതിന്റെ വ്യത്യസ്ത രീതിയിൽ ആചരിക്കുന്നു. | അക്കാദമിക് വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം |
|---|---|---|---|---|---|
| 4 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തൽ | ❖ ആനുകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട ക്വിസ് പ്രോഗ്രാം.<br>❖ വീഡിയോ പ്രദർശനം, സംവാദം, ചരിത്ര സിനിമ പ്രദർശനം ഇവ നടത്തുക. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5 | വ്യത്യസ്ത ഇനം മണ്ണിനെ കുറിച്ചും, കാറ്റുകളെ കുറിച്ചും ജലാശയങ്ങളെ കുറിച്ചും പരിചയപ്പെടുക. | ❖ വിവിധതരം മണ്ണിനങ്ങൾ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഓരോ മണ്ണിനങ്ങളെ കുറിച്ചും അവതരണം നടത്തുന്നു. ഐ.സി.ടി. സാധ്യത ഉപയോഗിച്ച് വിവിധ തരം കാറ്റുകൾ പരിചയപ്പെടുത്തുന്നു. ന്യൂനമർദ്ദം രൂപപ്പെടാനുള്ള സാഹചര്യങ്ങൾ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ സെപ്തംബർ, ഓക്ടോബർ മാസം ഊന്നൽ കൊടുക്കുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ, പി.ടി.എ., ക്ലബ്ബ് അംഗങ്ങൾ |

അക്കാദമിക് മാസ്റ്റർപ്ലാൻ- ഫിസിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| 1)പഠന നേട്ടം കൈവരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക | 'അറിവിനെ നിറവാക്കാം 'എന്ന പേരിൽ പഠനത്തോടൊപ്പം ശാസ്ത്ര വിഷയങ്ങളിലെ അടിസ്ഥാന അറിവുകൾ കുട്ടിക്ക് നൽകുന്നു | ജൂൺ ആദ്യവാരം | ശാസ്ത്ര അധ്യാപകർ | PTA | |
| 2)ശാസ്ത്ര അവബോധം സൃഷ്ടിക്കൽ | ശാസ്ത്ര ക്ലബ്ബ് രൂപീകരണം.ശാസ്ത്ര പഠനത്തിൻറെ ലക്ഷ്യങ്ങൾ -സെമിനാർ, ശാസ്ത്രപ്രചാരകനുമായി അഭിമുഖം, അന്ധവിശ്വാസങ്ങളിലെ തട്ടിപ്പുകൾ തുറന്നുകാട്ടൽ. | ജൂൺ അവസാനവാരം | ശാസ്ത്ര അധ്യാപകർ, ക്ലബ്ബ് ചുമതലയുള്ള വിദ്യാർത്ഥികൾ | PTA | |
| 3)മത്സര പരീക്ഷകൾക്കും പ്രവർത്തനങ്ങൾക്കും തയ്യാറെടുക്കൽ | ഇൻസ്പെയർ അവാർഡ് ,വൈ ഐ പി,NAS ,USS,എൻ എം എം എസ്, തുടങ്ങിയവക്കായി പ്രത്യേക പരിശീലനം നൽകൽ | ജൂലൈ ആദ്യവാരം മുതൽ | ശാസ്ത്ര അധ്യാപകർ ,മറ്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ, subject experts. | PTA | |
| 4)ദിനാചരണങ്ങൾക്കായി തയ്യാറെടുക്കൽ | ജൂലൈ -21 ചാന്ദ്രദിനം ,ആഗസ്റ്റ് -6 /9 ഹിരോഷിമ -നാഗസാക്കി ദിനം, സെപ്റ്റംബർ -16 ഓസോൺ ദിനം, നവംബർ -7 സിവി രാമൻ ദിനം, ഫെബ്രുവരി -28 ദേശീയ ശാസ്ത്ര ദിനം. | ജൂലൈ മാസം | ശാസ്ത്ര അധ്യാപകർ, ക്ലബ്ബ് ചുമതലയുള്ള വിദ്യാർത്ഥികൾ | PTA | |
| 5)ജൂലൈ 21 ചാന്ദ്രദിനാചരണം ,ചന്ദ്രനെ കുറിച്ചുള്ള അറിവ് നേടുക | പ്രതീകാത്മക ചന്ദ്രമനുഷ്യനുമായി അഭിമുഖം, ചാന്ദ്രദിന പാട്ട് ,വീഡിയോ പ്രദർശനം, സെമിനാർ. | ജൂലൈ മാസം | ശാസ്ത്ര അധ്യാപകർ, ക്ലബ്ബ് ചുമതലയുള്ള വിദ്യാർത്ഥികൾ | PTA | |
| 6)ഉപജില്ല ജില്ലാ സംസ്ഥാനതല ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പാക്കുക | സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കൽ, പ്രദർശനം | ആഗസ്റ്റ് മാസം ആദ്യവാരം | ശാസ്ത്ര അധ്യാപകർ ക്ലബ്ബ് ചുമതലയുള്ള വിദ്യാർത്ഥികൾ | PTA | |
| 7)ആഗസ്റ്റ് 6 9 ഹിരോഷിമ | യുദ്ധവിരുദ്ധ പ്ലക്കാർഡ് നിർമ്മാണം, സമാധാന സന്ദേശം കൈമാറൽ, | ആഗസ്റ്റ് | ശാസ്ത്ര അധ്യാപകർ ക്ലബ്ബ് | PTA | |

അക്കാദമിക് മാസ്റ്റർപ്ലാൻ- ഫിസിക്സ്

| | | | | | |
|---|---|---|---|---|---|
| നാഗസാക്കി ദിനം യുദ്ധത്തിൻറെ വിനാശത്തെ കുറിച്ചുള്ള അറിവ് നേടൽ | സഡാക്കോ കൊക്ക് നിർമ്മാണം ,പാവ നാടകം. | | ചുമതലയുള്ള വിദ്യാർത്ഥികൾ | | |
| 8)സെപ്റ്റംബർ 16 ഓസോൺ ദിനം ഓസോണിനെ കുറിച്ചുള്ള അറിവ് നേടൽ | 'ഭൂമിക്ക് ഒരു കുട' എന്ന പേരിൽ ഓസോണിന്റെ പ്രാധാന്യം വിളിച്ചോതുന്ന പ്രവർത്തനങ്ങൾ,<br>quiz,സെമിനാർ, പോസ്റ്റർ നിർമ്മാണം. | സെപ്റ്റംബർ | ശാസ്ത്ര അധ്യാപകർ ക്ലബ്ബ് ചുമതലയുള്ള വിദ്യാർത്ഥികൾ | PTA | |
| 9)ഊർജ്ജ പരിപാലന അവബോധം സൃഷ്ടിക്കുക | ഊർജ്ജക്ലബ്ബ് രൂപീകരിക്കൽ ,ഊർജ്ജ പരിപാലന പ്രവർത്തനങ്ങൾ ,സെമിനാർ ,എൽഇഡി ബൾബ് നിർമാണം. | നവംബർ | ശാസ്ത്ര അധ്യാപകർ | PTA | |
| 10)നവംബർ 7 സി വി രാമൻ ദിനം സി വി രാമനെക്കുറിച്ച് അറിയുക | സി വി രാമന്റെജന്മദിനം, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ ,ഫീൽഡ് ട്രിപ്പ് ,ശാസ്ത്ര മാജിക് പരിശീലനം ,ശാസ്ത്രജ്ഞന്മാരെ അറിയുക, | നവംബർ | ശാസ്ത്ര അധ്യാപകർ, ക്ലബ്ബ് ചുമതലയുള്ള വിദ്യാർത്ഥികൾ | PTA | |
| 11)പഠനനിലവാരം പരിശോധിക്കൽ ,പിന്തുണ നൽകൽ | പരീക്ഷകളുടെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ ഗ്രൂപ്പായി തിരിച്ച് പഠന പിന്തുണ<br>ആവശ്യമുള്ളവർക്ക് പിയർ ഗ്രൂപ്പിൻറെ സഹായത്തോടെ എല്ലാവരും മുന്നോട്ട് എന്ന പദ്ധതി നടപ്പിലാക്കി പിന്തുണ ഉറപ്പാക്കുക | ജനുവരി | ശാസ്ത്ര അധ്യാപകർ | PTA | |
| 12)ഫെബ്രുവരി 28 ദേശീയ ശാസ്ത്ര ദിനം | ശാസ്ത്രജ്ഞന്മാർ അധ്യാപകരുമായി അഭിമുഖം<br>ശാസ്ത്ര വിജ്ഞാന പരീക്ഷ വീട്ടിൽ ഒരു പരീക്ഷണ മൂല | ഫെബ്രുവരി | ശാസ്ത്ര അധ്യാപകർ ക്ലബ്ബ് ചുമതലയുള്ള വിദ്യാർത്ഥികൾ | PTA | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ജീവശാസ്ത്രം

**ലക്ഷ്യങ്ങൾ :**

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിടായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാദ്യമാകുന്ന തരത്തിൽ വിദ്യാലയത്തിനെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | മഴക്കാല ശുചീകരണം | സ്കൂൾ പരിസരത്ത് വെള്ളം കെട്ടികിടക്കാനുള്ള സാഹചര്യം ഇല്ല എന്ന് ഉറപ്പ് വരുത്തുന്നു. | ജൂൺ 2 മുതൽ ജൂലൈ 31 വരെ | അധ്യാപകർ, സ്കൂൾതല സമിതികൾ, പി.ടി.എ. | വിദ്യാലയ വികസന സമിതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | രോഗ പകർച്ച ഒഴിവാക്കുന്നു. |
| 2 | മഴക്കാല രോഗങ്ങൾ | മഴക്കാല രോഗങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുന്നു. | ജൂൺ ആദ്യ വാരം മുതൽ | ശാസ്ത്ര അധ്യാപകർ, ഹെൽത്ത് ക്ലബ്ബ് | പി.റ്റി.എ. | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ജീവശാസ്ത്രം

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | മാലിന്യ സംസ്കരണം | സ്കൂളിലെ മാലിന്യങ്ങളെ കൃത്യമായി തരംതിരിച്ച് ശരിയായ രീതിയിൽ സംസ്കരിക്കുന്നു. | ജൂൺ ആദ്യ വാരം മുതൽ മാർച്ച് വരെ | അധ്യാപകർ, വിദ്യാർത്ഥികൾ, വിദ്യാലയ വികസന സമിതി, പി.ടി.എ. | വിദ്യാലയ വികസന സമിതി | പരിസര ശുചിത്വം |
| 4 | ലഹരി നിർമ്മാർജ്ജനം | ബോധവൽക്കരണ ക്ലാസ്സുകൾ, SPG യുമായി ചേർന്ന് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | ജൂൺ ആദ്യ വാരം മുതൽ മാർച്ച് വരെ | അധ്യാപകർ, വിവിധ ക്ലബ്ബുകൾ, പി.ടി.എ. | വിദ്യാലയ വികസന സമിതി, പി.ടി.എ. | സ്കൂൾതല ലഹരി നിർമ്മാർജ്ജനം |
| 5 | ശാസ്ത്രമേള | സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കൽ, ക്ലബ്ബുകളെ ഉൾപ്പെടുത്തി ശാസ്ത്ര പ്രദർശനം | ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | അധ്യാപകർ, വിദ്യാർത്ഥികൾ, പി.ടി.എ. | പി.ടി.എ., വിദ്യാലയ വികസന സമിതി, | |
| 6 | ലിംഗനീതി | ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ സംഘടിപ്പിക്കുന്നു. | നവംബർ ആദ്യവാരം മുതൽ ഡിസംബർ വരെ | അധ്യാപകർ, സ്കൂൾ കൗൺസിലർമാർ. | ശാസ്ത്ര അധ്യാപകർ, പി.ടി.എ. | |

## ശാസ്ത്രം - ഹൈസ്കൂൾ വിഭാഗം

| ശേഷി | പ്രവർത്തനം | കാലം/ സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. കുട്ടികളുടെ ശാസ്ത്രാഭിരുചി വളർത്തുക | സെമിനാർ, മത്സരങ്ങൾ, പ്രോജക്ടുകൾ, ശാസ്ത്രനാടകം, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രദർശനം സെമിനാർ, ക്വിസ്സ്, പ്രോജക്ട് ഇവ ചെയ്യുന്നു. മേളകളുമായി ബന്ധപ്പെട്ട് മത്സരങ്ങൾ, ശാസ്ത്രനാടകം, പ്രോജക്ട് ഇവ ചെയ്യുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് | ചാർട്ട്, കളർസ്കെച്ച് മാർക്കർ പെൻ പേപ്പർ | പിടിഎ, എസ് ആർ ജി, സയൻസ് ക്ലബ്ബ് |
| 2. ശാസ്ത്ര പഠനം സാമൂഹ്യ നന്മയ്ക്ക് പ്രാപ്തമാക്കുക | ഊർജ്ജസംരക്ഷണം, പ്രദർശനം, കൃഷി, ശുചിത്വം, ആരോഗ്യ പരിശീലനങ്ങൾ, സെമിനാർ ശാസ്ത്രനേട്ടങ്ങളെ സാമൂഹ്യനന്മയ്ക്ക് ഉപയുക്തമാക്കുക | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് | സയൻസ് ലാബ് വിദഗ്ധർ, കൃഷിത്തോട്ടം | പിടിഎ, എസ് ആർ ജി<br>എസ് സി ഇ ആർ ടി |
| 3. ശാസ്ത്രവുമായി ബന്ധപ്പെട്ട നൂതന ആശയങ്ങൾ കുട്ടികളിൽ എത്തിക്കുക | സയൻസ് ബുള്ളറ്റിൻ ബോർഡ്, സയൻസ് കോർണർ, ശാസ്ത്രമാസിക, ശാസ്ത്ര പാഠപുസ്തക രചന. ശാസ്ത്ര രംഗത്തുണ്ടാകുന്ന ഏറ്റവും പുതിയ അറിവുകൾ ഉൾപ്പെടുത്തി ശാസ്ത്ര പുസ്തക നിർമാണം. സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് നിരീക്ഷണ - പരീക്ഷണങ്ങൾക്കും ശാസ്ത്ര പരിപോഷണത്തിനും ഉൾപ്പെടുത്തി സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>എസ് ആർ ജി | കമ്പ്യൂട്ടർ ഇന്റർ നെറ്റ് ശാസ്ത്ര ലാബ് | പി ടി എ, എസ് സി ഇ ആർ ടി, വിദഗ്ധർ |
| 4. പരീക്ഷണ നിരീക്ഷണ പാടവം വർദ്ധിപ്പിക്കുക | ഒരു നൂറ് പരീക്ഷണങ്ങൾ ചെലവ് കുറഞ്ഞ സാമഗ്രികൾ ഉപയോഗിച്ച് വലിയ ശാസ്ത്രാശയങ്ങൾ കുട്ടികളിലും സമൂഹത്തിലും എത്തിക്കുന്നതിന് സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നൂറ് ഫീൽഡ് ട്രിപ്പുകൾ (ഫാക്ടറി സന്ദർശനം ശാസ്ത്രമ്യൂസിയം) | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് | രാസവസ്തുക്കൾ ലാബ് ഉപയോഗം | പിടിഎ, എസ് ആർ ജി |
| 5. സയൻസ് ലാബ് നവീകരണം | അടൽ ടിങ്കറിംഗ് ലാബ് പദ്ധതിയുമായി ബന്ധപ്പെടുത്തി സയൻസ് ലാബ് നവീകരിക്കുന്നു. പഠനം കൂടുതൽ പ്രവർത്തനാധിഷ്ഠിതമാക്കുന്നു. | ജൂൺമുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ | സയൻസ് ലാബ് വിദഗ്ധർ | സർക്കാർ ധനസഹായം |
| 6. സയൻസ് ലൈബ്രറി | ശാസ്ത്രസംബന്ധമായ മാസികകൾ, വാരികകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ ഇവ ഉൾപ്പെടുത്തി സയൻസ് ലൈബ്രറി നിർമ്മിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് ക്ലബ്ബ് | പുസ്തകങ്ങൾ മാസികകൾ വാരികകൾ | പി ടി എ ടീച്ചേഴ്സ് |
| 7. ജൈവ വൈവിധ്യഉദ്യാനം | ജൈവ വൈവിധ്യ ഉദ്യാനം സ്കൂളിന്റെ സ്ഥല പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ജൈവ വൈവിധ്യ ഉദ്യാനം നിർമിക്കുന്നു. | ജനുവരി മുതൽ മാർച്ച് വരെ | ജൈവ വൈവിധ്യ ക്ലബ്ബ്, അധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് | പി ടി എ |
| 8. ശാസ്ത്രവുമായി ബന്ധപ്പെട്ട നൂതന ആശയങ്ങൾ രക്ഷിതാക്കളിൽ എത്തിക്കുക | ശാസ്ത്ര ബോധവത്കരണ ക്ലാസ്സ് (രക്ഷിതാക്കൾക്ക്) പോഷകങ്ങളും ആരോഗ്യശീലങ്ങളും (സെമിനാർ) ജലസംരക്ഷണം, മണ്ണ് സംരക്ഷണം, വായു സംരക്ഷണം, ജൈവ വൈവിധ്യ സംരക്ഷണം സെമിനാർ ലഹരി വിരുദ്ധ ബോധവത്കരണം | ജൂൺ മുതൽ മാർച്ച് വരെ | പരിസ്ഥിതി ക്ലബ്<br>ലഹരി വിരുദ്ധ ക്ലബ്<br>സയൻസ് ക്ലബ്ബ് | കോൺഫറൻസ് ഹാൾ എൻ സി സി പ്രോജക്ടർ ലാപ്ടോപ് | എസ് സി ഇ ആർ ടി |
| 9. ഐസിടി അധിഷ്ഠിത ശാസ്ത്രപഠനം | ആധുനിക സങ്കേതങ്ങളായ പഠന വിഭവ സിഡികൾ, വെബ്സൈറ്റുകൾ, പോർട്ടലുകൾ, നവമാധ്യമങ്ങൾ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് സംവിധാനങ്ങൾ, ഇന്ററാക്ടീവ് ക്ലാസ്സും എന്നിവ ഉപയോഗപ്പെടുത്തി സൗകര്യം ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഐ സി ടി കോഡിനേറ്റർ (SITC)<br>സയൻസ് അധ്യാപകർ | ഐ സി ടി ലാബ് ഇന്റർനെറ്റ് ലാപ്ടോപ് ഇന്ററാക്ടീവ് ബോർഡ് സമഗ്ര പോർട്ടൽ | പിടിഎ, ഡയറ്റ്<br>എസ് സി ഇ ആർ ടി |
| 10. പഠന പിന്നോക്കക്കാർക്കായി അധിക പരിശീലനം | ശ്രദ്ധ, നവപ്രഭ പദ്ധതി വിപുലീകരിച്ചുകൊണ്ട് പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളെ മറ്റ് കുട്ടികൾക്കൊപ്പം എത്തിക്കുന്നതിനായി പ്രത്യേക പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് | വർക്ക് ഷീറ്റുകൾ ചാർട്ട് പഠന സാമഗ്രികൾ | പിടിഎ, ഡയറ്റ്<br>എസ് ആർ ജി |
| 11. ഗവേഷണ പ്രോജക്ടുകൾ | വ്യക്തിഗത പ്രോജക്ട്, ഗ്രൂപ്പ് പ്രോജക്ട്, അധ്യാപക പ്രോജക്ട് എന്നീ ഗവേഷണ പ്രോജക്ടുകൾ തയ്യാറാക്കും. | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് | ലൈബ്രറി സയൻസ് പുസ്തകങ്ങൾ ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പിടിഎ,<br>എസ് ആർ ജി |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

**Vision**

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

**Mission**

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
| --- | --- | --- | --- | --- |
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്–ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
